കെ.എസ്.എൽ.5866/13 17..10..2013

## സർക്കുലർ

**വിഷയം:** കുടുംബശ്രീ - കുടുംബശ്രീ റിസോഴ്സ്പേഴ്സൺമാരുടെ ഓണറേറിയം - പുതുക്കുന്നത് - സംബന്ധിച്ച്

**സൂചന:-** 10.10.2013 ലെ ഇതേ നമ്പർ നോട്ട് ഫയൽ ഉത്തരവ്

കുടുംബശ്രീ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതികൾ എല്ലാതലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് സംസ്ഥാന മിഷനിലും ജില്ലാ മിഷനുകളിലുമുള്ള പരിമിതമായ ജീവനക്കാർക്ക് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ കുടുംബശ്രീ പദ്ധതികളിൽ പ്രവർത്തന പരിചയമുള്ള റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചാണ് ടി പ്രവർത്തനങ്ങൾ താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നത്. എൻആർഎൽഎം ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസിയായി കുടുംബശ്രീ മാറിയ സാഹചര്യത്തിൽ കുടുംബശ്രീയുടെ പ്രവർത്തന മേഖല വിപുലമായിക്കഴിഞ്ഞു. ഇതോടൊപ്പം ആർ.പി.മാരുടെ ജോലിഭാരവും കൂടുതലായി. വിവിധ സ്ഥലങ്ങളിൽ സഞ്ചരിക്കുകയും പദ്ധതി പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്യുന്ന ആർ.പി.മാർക്ക് നിലവിൽ നല്കുന്ന ഓണറേറിയം അപര്യാപ്തമാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ കുടുംബശ്രീ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ മേഖലകളിലെയും ആർ.പിമാരുടെ ഓണറേറിയം ഒരു ദിവസത്തേയ്ക്ക് 500/- രൂപയും യഥാർത്ഥ യാത്രാബത്തയും (മാസം 1000/- രൂപ പരിധിക്ക് വിധേയമായി) നൽകുന്നതിന് നിർദ്ദേശം നൽകുന്നു. ടി നിർദ്ദേശം 2013 ഒക്ടോബർ 15 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. ഡയറക്ടർ (എ&എഫ്)
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. അക്കൗണ്ട്സ് ഓഫീസർ
6. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ.യ്ക്ക്
7. കരുതൽ/അധികം

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ